**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 220 11.06.2012 -ൽ മറുപടിയ്ക്ക്**

**<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ്</u>**

<u>ചോദ്യം</u>

ശ്രീ പുരുഷൻ കടലുണ്ടി :

ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം എത്ര പേരെ കസ്റ്റഡിയിലെടുത്തു ; എത്രപേരെ കോടതിയിൽ ഹാജരാക്കി ; കോടതി റിമാന്റ് ചെയ്തവരെത്ര ; ഇതിൽ ഇപ്പോൾ ഒരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ലാത്തവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>മറുപടി</u>

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

05.06.2012 വരെ ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് 17 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് അവരിൽ 15 പേരെ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. പോലീസിന് നേരിട്ട് ജാമ്യം നൽകാവുന്ന വകുപ്പിൽ അറസ്റ്റ്ചെയ്യപ്പെട്ട 2 പേരെ പോലീസ് സ്റ്റേഷനിൽ നിന്നും ജാമ്യത്തിൽ വിട്ടു. പ്രതികളുടെ രാഷ്ട്രീയ ബന്ധം സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ